## പതിനാലാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 3806

15 .05.2017-ൽ
മറുപടിയ്ക്ക്

## ദേശീയ കുടുംബസഹായ നിധിയിൽ നിന്ന് സഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ദാസൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) വിവിധ താലൂക്കുകളിലും കളക്ടറേറ്റുകളിലുമായി ദേശീയ കുടുംബസഹായ നിധിയിൽ നിന്ന് സഹായം ലഭിക്കുന്നതിനായി സമർപ്പിച്ച അനേകം അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ചിട്ടില്ലെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) എൻ. എഫ്. ബി. എസ് പദ്ധതി പ്രകാരം ലഭിച്ച എല്ലാ അപേക്ഷകളിലും നടപടി സ്വീകരിച്ചിട്ടുള്ളതാണ്. |
| (ബി) ആകെ എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ട് എന്ന് വെളിപ്പെടുത്തുമോ ; | (ബി) ദേശീയ കുടുംബക്ഷേമ പദ്ധതി പ്രകാരം ആകെ 41656 അപേക്ഷകൾ തീർപ്പാക്കാനുണ്ട്. |
| (സി) കേന്ദ്ര ഫണ്ട് ലഭിക്കാത്തത് കാരണമാണോ തീർപ്പാക്കാൻ കഴിയാതിരുന്നതെന്ന് വ്യക്തമാക്കാമോ; | (സി) ഫണ്ട് ലഭ്യമല്ലാത്തതിനാൽ ധനസഹായം വിതരണം ചെയ്യാൻ കാലതാമസം നേരിടുന്നുണ്ട്. |
| (ഡി) എങ്കിൽ എത്ര വർഷത്തെ കുടിശ്ശിക കേന്ദ്രത്തിൽ നിന്ന് ലഭിക്കാനുണ്ട് എന്നത് വിശദമാക്കാമോ;<br><br>(ഇ) ഇത് അടിയന്തരമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) & (ഇ) ദേശീയ കുടുംബക്ഷേമ പദ്ധതി പ്രകാരം ഏപ്രിൽ 2015 മുതൽ സെപ്തംബർ 2015 വരെയും ഏപ്രിൽ 2016 മുതൽ സെപ്തംബർ 2016 വരെയുമുള്ള കേന്ദ്ര ധനസഹായം ലഭിച്ചിട്ടുണ്ട്. ഒക്ടോബർ 2015 മുതൽ മാർച്ച് 2016 വരെയുള്ള 2015-16 വർഷത്തെ രണ്ടാം ഗഡു കേന്ദ്ര സഹായം ലഭിച്ചിട്ടില്ല. ആയത് അനുവദിയ്ക്കുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ